## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1323 | 04.12.2014 ൽ മറുപടിയ്ക്ക്

### മാവേലി സ്റ്റോറുകൾ

**ചോദ്യം**
ശ്രീമതി. ഗീതാ ഗോപി

**ഉത്തരം**
ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആകെ എത്ര മാവേലി സ്റ്റോറുകളാണ് പ്രവർത്തിച്ചിരുന്നതെന്നും ഇപ്പോൾ സംസ്ഥാനത്താകെ എത്ര മാവേലി സ്റ്റോറുകൾ നിലവിലുണ്ടെന്നും അറിയിക്കുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 878 മാവേലി സ്റ്റോറുകളാണ് പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ സംസ്ഥാനത്താകെ 940 മാവേലി സ്റ്റോറുകൾ നിലവിലുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ മാവേലി സ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരംഭിച്ച പുതിയ മാവേലി സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | മാവേലി സ്റ്റോറുകളുടെ എണ്ണം. |
|---|---|---|
| 1 | തിരുവനന്തപുരം | 14 |
| 2 | കൊല്ലം | 5 |
| 3 | കോട്ടയം | 2 |
| 4 | പത്തനംതിട്ട | 1 |
| 5 | ഇടുക്കി | 2 |
| 6 | ആലപ്പുഴ | 1 |
| 7 | എറണാകുളം | 22 |
| 8 | മലപ്പുറം | 15 |
| 9 | പാലക്കാട് | 6 |
| 10 | തൃശ്ശൂർ | 2 |
| 11 | കോഴിക്കോട് | 7 |
| 12 | വയനാട് | 8 |
| 13 | കണ്ണൂർ | 10 |
| 14 | കാസർഗോഡ് | 1 |

| | |
|---|---|
| (സി) ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ എത്ര പുതിയ മാവേലി സ്റ്റോറുകൾ അനുവദിച്ചുവെന്നും നാട്ടിക മണ്ഡലത്തിൽ പുതിയ തായി അനുവദിച്ച മാവേലി സ്റ്റോറുകളുടെ എണ്ണവും വ്യക്തമാക്കുമോ ? | (സി) ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ 2 മാവേലി സ്റ്റോറുകളാണ് അനുവദിച്ചത്. നാട്ടിക മണ്ഡലത്തിൽ പുതിയതായി മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടില്ല. |

Beena

സെക്ഷൻ ഓഫീസർ